കാരുണ്യ ബെനവലന്റ് സ്കീമിലെ ജീവനക്കാർ

121 (1947) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിന്റെ പ്രവർത്തനത്തിനായി അധികമായി എത്ര ജീവനക്കാരെയാണ് നിയമിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പി.എസ്.സി. മുഖേനയാണോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ പ്രസ്തുത ജീവനക്കാരെ നിയമിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) അല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) 14 ജില്ലകളിലും ഹെഡ്ക്വാർട്ടേഴ്സിലുമായി പ്രസ്തുത സ്കീമിനായി ലെയ്സൺ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ ഇവരുടെ നിയമനത്തിന്റെ സ്വഭാവം വ്യക്തമാക്കുമോ ; കരാർ അടിസ്ഥാനത്തിൽ നിയമിച്ച ലെയ്സൺ ഓഫീസർമാരെ പിരിച്ചുവിട്ട് പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാരുണ്യ പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ സർക്കാർ ജീവനക്കാരായി 6 പേരെയും കരാർ അടിസ്ഥാനത്തിൽ 19 പേരെയും ദിവസ വേതനാടിസ്ഥാനത്തിൽ 73 പേരെയും നിയമിച്ചിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർ ഒഴികെയുള്ള മറ്റ് കരാർ/ദിവസവേതന ജീവനക്കാരെ പി.എസ്.സി. വഴിയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ അല്ല നിയമിച്ചിട്ടുള്ളത്.

(സി) കരാർ/ദിവസവേതന ജീവനക്കാരെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

(ഡി) നിയമിച്ചിട്ടുണ്ട്.

ആസ്ഥാന ഓഫീസിൽ	-	2 (1 ഒഴിഞ്ഞുകിടക്കുന്നു)
തിരുവനന്തപുരം	-	1
കൊല്ലം	-	1
പത്തനംതിട്ട	-	1
ആലപ്പുഴ	-	1 (ഒഴിഞ്ഞുകിടക്കുന്നു)
കോട്ടയം	-	1

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	-	1
എറണാകുളം	-	1
തൃശ്ശൂർ	-	1
പാലക്കാട്	-	1
മലപ്പുറം	-	1 (ഒഴിഞ്ഞുകിടക്കുന്നു)
കോഴിക്കോട്	-	1
വയനാട്	-	1 (ഒഴിഞ്ഞുകിടക്കുന്നു)
കണ്ണൂർ	-	1
കാസർഗോഡ്	-	1

(ഇ) പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ലെയ്സൺ ഓഫീസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം നടത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കാരുണ്യ ബെനവലന്റ് സ്കീം

122 (1948) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലെന്റ് സ്കീമിൽ മംഗലാപുരം ആശുപത്രികളെ കൂടി ഉൾപ്പെടുത്തണം എന്ന് ഏതെല്ലാം കേന്ദ്രങ്ങളിൽനിന്ന് ആവശ്യം ഉയർന്നിട്ടുണ്ട് ;

(ബി) ഈ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വാഗ്ദാനങ്ങൾ സർക്കാർ നൽകിയിട്ടുണ്ടോ ; എങ്കിൽ ആ വാഗ്ദാനങ്ങൾ പാലിക്കപ്പെടാതിരിക്കാൻ കാരണം എന്താണ് ;

(സി) കാരുണ്യ ബെനവലെന്റ് സ്കീമിൽ മംഗലാപുരം ആശുപത്രികളെ ഉൾപ്പെടുത്താതുകൊണ്ട് കാസർഗോഡ് ജില്ലയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) കാരുണ്യ ബെനവലന്റ് സ്കീമിൽ മംഗലാപുരം ആശുപത്രികളെക്കൂടി ഉൾപ്പെടുത്തണമെന്ന് ബഹു. മഞ്ചേശ്വരം എം.എൽ.എ. ശ്രീ. പി. ബി. അബ്ദുൾ റസാഖ്, ബഹു. കണ്ണൂർ എം.എൽ.എ. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എന്നിവർ മുഖാന്തരവും, കാസർഗോഡ് ജില്ലാ കളക്ടർ, കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ, മംഗലാപുരത്തുള്ള ഇന്ത്യാന ഹോസ്പിറ്റൽ എന്നിവർ മുഖാന്തരവും ആവശ്യം ഉയർന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly